# ALCOHOLISM

Fr. P.A. Philip

ആർക്കു കഷ്ടം, ആർക്കു സങ്കടം, ആർക്കു കലഹം? ആർക്കു ആവലാതി, ആർക്കു അനാവശ്യമായ മുറിവുകൾ, ആർക്കു കൺ ചുവപ്പ്, വീഞ്ഞു കുടിച്ചുകൊണ്ട് നേരം വൈകിക്കുന്നവർക്കും മദ്യം രുചിച്ചു നോക്കുവാൻ പോകുന്നവർക്കും തന്നെ (സദൃ. 23:29-30).

**ആരോഗ്യനഷ്ടം**

ആരോഗ്യദൃഢഗാത്രനായ, കോമളനായ ഒരു യുവാവ്, പെട്ടെന്ന് ശയ്യാവലംബിയായി, ഒരാഴ്ചക്കുള്ളിൽ മരിച്ചു. കേട്ടവർ സ്തബ്ധരായി, ഒരു ബാല്യകാല സുഹൃത്തായിരുന്നതിനാൽ ഞാൻ വിവരം തിരക്കി. അയാൾ മദ്യപിക്കുമായിരുന്നത്രേ! കരൾ വീക്കം വന്നു, മരിച്ചു. അങ്ങനെ ദിനംപ്രതി എത്രപേരെ മദ്യം കൊല്ലുന്നു! മദ്യം നമ്മുടെ ശരീരത്തിന്റെ എല്ലാ പ്രവർത്തനങ്ങളെയും മന്ദീഭവിപ്പിക്കുന്നു. അത് വിഷമാണ്. ഒരു ഗ്യാലൻ വിസ്കിയുടെ അഞ്ചിലൊന്ന് ഒരു മണിക്കൂറിൽ ഉപയോഗിച്ചാൽ തലച്ചോറിനെ മരവിപ്പിക്കാനും, മരണം വരെ വരുത്തി വയ്ക്കുവാനും സാദ്ധ്യതയുണ്ട്. മദ്യം രക്തവ്യൂഹത്തിലേക്ക് വ്യാപിച്ചാൽ അത് എല്ലാ അവയവങ്ങളെയും ശരീരത്തെ മുഴുവനായും ബാധിക്കും.

മദ്യപാനത്തിന്റെ പരിണിതഫലമായി ഉണ്ടാകുന്ന ഒരു രോഗം കരൾ വീക്കമാണ്. ശരീരത്തിലെ ഫാക്ടറിയാണ് കരൾ. രക്തത്തിൽ കലരുന്ന പോഷകങ്ങൾ കരളിലെത്തുന്നു. ശരീരവളർച്ചയ്ക്കും പ്രവർത്തനത്തിനും ഉതകുന്ന രീതിയിൽ കരളാണ് ഇതിനെ രൂപാന്തരപ്പെടുത്തുന്നത്. രക്തത്തിൽ കലരുന്ന മദ്യം കരളിലെത്തി അതിനെ നശിപ്പിക്കുന്നു. കരളിലെ കോശങ്ങൾക്ക് നീർക്കെട്ടും വീക്കവും ഉണ്ടാകും (Liver Cirrhosis). കരളിലെ പ്രവർത്തനക്ഷമമായ കോശങ്ങൾ നശിച്ച് കലകൾ രൂപപ്പെടും. അവ കോശങ്ങളെ ഞെരുക്കുകയും തന്മൂലം രക്തനാഡികളിൽ മർദ്ദമനുഭവപ്പെടുകയും ചെയ്യും. ഇതുമൂലം രക്തം മുഴുവൻ ഹൃദയത്തിലേക്കു പോകാതെ കരളിൽകെട്ടിക്കിടക്കുന്നു. ഈ രീതിയിൽ കരളിൽ കെട്ടിക്കിടക്കുന്ന രക്തത്തിൽ ഒരംശം ഉദരത്തിലേക്ക് ഊറിവീണുകൊണ്ടിരിക്കും. വയറ്റിൽ രക്തവും വെള്ളവും കെട്ടിക്കിടക്കാനും മഹോദരം (Beer belly എന്നാണ് നർമ്മരൂപത്തിൽ ഇതിനെ വിളിക്കാറ്) എന്ന് രോഗം ഉണ്ടാകുവാനും ഇടയാകുന്നു. മദ്യമൂലം ഉണ്ടാകുന്ന കരൾ രോഗമാണ് ഹെപ്പറൈറ്റിസ് (കരളിൽ പരു അഥവാ കുരു വരിക). മുൻ സൂചിപ്പിച്ച നാരുപോലുള്ള കലകൾ കരളുൽപ്പാദിപ്പിക്കുന്ന പിത്തരസത്തെ കുടലിലേക്ക് കടത്തി വിടുകയില്ല. ഈ പിത്തരസം പിന്നീട് രക്തത്തിൽ കലരാനിടയാകും. അത് മഞ്ഞപ്പിത്തമുണ്ടാക്കുകയും ചെയ്യും.

ശരീരത്തിന്റെ പ്രവർത്തനത്തിന് ഏറ്റവും ആവശ്യമായ ഗ്ലൂക്കോസ് ഉൽപാദനവും കരളിലാണ് നടക്കുന്നത്. അമിതമായ മദ്യം ഉപയോഗിക്കുമ്പോൾ അത് കരളിനെ കലക്കി കളയുകയും ഗ്ലൂക്കോസ് ഉൽപാദനം നിലയ്ക്കുകയും ചെയ്യും. ആഹാരത്തോടു വിരക്തി തോന്നിത്തുടങ്ങും. രോഗപ്രതിരോധ ശക്തി നശിക്കുകയും ശരീരത്തിന് തളർച്ച അനുഭവപ്പെടുകയും ചെയ്യാം. കരളിന് ക്യാൻസറുണ്ടാകുവാനുള്ള സാദ്ധ്യതയുമുണ്ട്.

**മദ്യവും ഹൃദയവും.** : ശരീരത്തിൽ രക്തം പമ്പു ചെയ്യുന്നത് ഹൃദയത്തിൽ നിന്നാണല്ലോ. ഹൃദയത്തിന്റെ മിടിപ്പിന് ഒരു പ്രത്യേക ക്രമവും താളവുമുണ്ട്. ഒരു ദിവസം രണ്ട് ഔൺസ് മദ്യം കഴിച്ചാൽ സാധാരണ മിടിക്കുന്നതിനേക്കാൾ 8000 പ്രാവശ്യം കൂടുതൽ ഹൃദയം മിടിക്കേണ്ടിവരും. ഇത് പലപ്പോഴും ഹൃദയസ്തംഭനത്തിൽ കലാശിക്കും. മദ്യം ഹൃദയത്തിന് താത്കാലിക ഉന്മേഷം നൽകിയേക്കാം. അത് അഡ്രനാലിൻ എന്ന ദ്രാവകത്തിന്റെ പ്രവർത്തനഫലമായി കിട്ടുന്ന ഊർജ്ജമാണ്. അത് കൂടുതൽ സമയം നിൽക്കില്ല.

**വൃക്കകളെ എങ്ങനെ ബാധിക്കുന്നു ?** : പലതരത്തിലുള്ള വൃക്കരോഗങ്ങൾക്കും മദ്യം മാരകമാണ്. രക്തത്തിലൂടെ വൃക്കകളിലെത്തുന്ന മദ്യം വൃക്കകളുടെ ശക്തി ക്ഷയിപ്പിക്കും. മൂത്രവിസർജ്ജനം പ്രയാസമാവും. വളരെക്കുറച്ചു മൂത്രം പോവുകയുമുള്ളു. ഇതുമൂലം മാലിന്യങ്ങൾ രക്തത്തിൽ അടിഞ്ഞുകൂടും. മൂത്രത്തിൽ പഴുപ്പ്, മൂത്രം പോകുമ്പോൾ വേദന, മൂത്രത്തിൽ കല്ല്, രക്തസമ്മർദ്ദം, നീര് മുതലായവ ഉണ്ടാവും.

**തലച്ചോറിനേയും ബാധിക്കുമോ?** : മദ്യം അതിവേഗം തലച്ചോറിനെ ബാധിക്കും. ആത്മനിയന്ത്രണം, സുബോധം, ധാർമ്മികബോധം ഇവ നഷ്ടപ്പെടുന്നത് ഇതുകൊണ്ടാണ്. നിയന്ത്രണം വിട്ടാൽ പിന്നെ എന്തും പറയും, പ്രവർത്തിക്കും, സ്വന്തം വ്യക്തിത്വം തന്നെ നഷ്ടപ്പെടും. നാഡീവ്യൂഹത്തെയും, മസ്തിഷ്കത്തിന്റെ മുൻഭാഗത്തെയും ബാധിക്കുന്ന മദ്യം മനുഷ്യനിൽ ഹീനമായ വികാരങ്ങൾ ഉണർത്തും. എന്തക്രമവും, ബലാൽസംഗങ്ങളും കാട്ടാൻ മടി കാണില്ല, .

**Feast of the Nativity of St. Mary** : The Holy Qurbana & Perunnal Service will be on 7th September, Sunday, 6:30 pm at ACE's Hall, Abbasiya, Nercha will also be served.

**Feast of the Holy Cross** : The Holy Qurbana & Perunnal Service will be on 14th September, Sunday, 6:30 pm at ACE's Hall, Abbasiya.

**Ponnona Sangamam** : The St. Stephen's IOC is organizing its 1st Onam Celebration viz. **"Ponnona Sangamam - 2014"** on 19th September, 6 : 00pm at Alphonsa Hall, Abbasiya.

**Sunday Evening Service** : As per the demand & need of parishoners, on 4th Sunday (28-09-2014) Holy Qurbana will be celebrated at ACE's Hall, 6:30 pm.

**Prayer Groups Common Meet** : The common meeting of prayer groups of St. Stephen's IOC will be held on 19th Sept. at 5:00pm, Alphonsa Hall, Abbasiya.

**Kuwait Episcopal Church Fellowship Meet** : A common meeting of KECF will be held on 26th Sept. 2014, 11 am at Mangaf being hosted by St. Thomas Orthodox Church, Ahmadi.

**Schedule of Worship** : Every Friday Holy Qurbana at ACE's Hall (Near Subway Rest., Abbasiya) at 6 : 30 am & on Second Saturday (13-09-14) at NECK South Tent at 7:00am.

**Free Transportation Facility** : To & fro free transporation facility is available to all who attend the Holy Qurbana of SSIOC at ACE Hall, Abbasiya. Contact : Mr. Abraham P.K. - 60473158

Parish Trustee : Mr. Laji Joseph : 99916457, Parish Secretary : Mr. Shaju John : 66776676

Private circulation only

# PRAYER MEETING SCHEDULE FOR SEPT.-2014


| | | | | | | (Time-pm) |
|---|---|---|---|---|---|---|
| **St. Gregorios Prayer (Abbasiya) Secretary : Mr. Binu Varghese - 66764194 / 65837243** | | | | | | |
| 05-09 | Mr. Kenny John | Lulu Exchange Building | Flr. 04 | Flat 14 | 60770656 | 5:00 |
| 12-09 | Mr. Alexkutty Kochukunju | Opp. Uniq store, Behind Chachoos Building | 02 | 11 | 24310699 | 5:00 |
| 26-09 | Mr. BinuKunjukunju | Opp. Fruit shop, Uniq store No. 3 | 06 | 41 | 99743898 | 5:00 |
| **St. Basil Prayer (Abbasiya) Secretary : Mr. Alex P. George - 97435242** | | | | | | |
| 05-09 | Mr. Anu Varghese | Opp. Moon Health Club 2 Nd Building | 01 | 36 | 66706174 | 5:00 |
| 12-09 | Mr. Rinchu Varghese | Hi-Tech Building | 07 | 56 | 66865283 | 5:00 |
| 26-09 | Mr. John Varghese | Opposite To Euro Asia Travels | 05 | 19 | 99209636 | 5:00 |
| **St. Dionysius Prayer (Abbasiya) Secretary : Mr. Thomas Varghese - 99274419** | | | | | | |
| 05-09 | Mr. Litty M Toms | Opp.Holy Sweets Bakery | 04 | 17 | 66564669 | 5:30 |
| 12-09 | Mr. Jacob John | N/R India Sari house | 02 | 07 | 90909686 | 5:30 |
| 26-09 | Mr.Robin Abraham | N/R Diana Restaurant | 05 | 23 | 66903770 | 5:30 |
| **St. George Prayer (Abbasiya) Secretary : Mr. Shibu Rajan - 65634870** | | | | | | |
| 05-09 | Mr. Shibu Abraham | Near Al Noor Bakkala, | 05 | 34 | 96629861 | 5:30 |
| 26-09 | Mr. Joseph Mathew | Holy Fresh Building | 02 | 05 | 99285523 | 5:30 |
| **St. Mary's Prayer (Riggai) Secretary : Mr. Babukutty K. Mathew - 50322192** | | | | | | |
| 12-09 | Mr. Sam George Philip | Bldg 49, Opp. Monarch Flowers, New Reggai | 05 | 13 | 94420545 | 7:30 |
| 26-09 | Mr. Mammen George | Bldg 33, Near Al Della Store, New Reggai | 06 | 18 | 55358861 | 7:30 |
| **St. Thomas Prayer (Farwaniya & Khaitan) Secretary : Mr. Jacob Zachariah - 99720086** | | | | | | |
| 26-09 | Mr. V.Y Thomas | Bldg. 6903, Opp. Indian Community School, Khaitan | 01 | 06 | 97924739 | 6.30 |
| **St. John's Prayer (Hawally, Salmiya & Abuhalifa) Secretary : Mr. Shibu Abraham - 51077900** | | | | | | |
| 12-09 | Mr. Kurian Punnoose | Near Behbahni Bldg., Sharq | 09 | 93 | 66369625 | 6.30 |

**Birthday & Wedding Anniversary** : The Vicar & parishoners extend blissful happy B'day & Wedding Anniversary wishes to all whose same marks on the month of September. (Special prayer is offered in Holy Qurbana for them.)

**Sunday School** : The Sunday school will reopen on 4th Sept. at 5:15 pm

**All parents are requested to send their children to Sunday school on time.**

## HAPPY BIRTHDAY



Hanock Stanley, Aslin Anna Mathew, Joella Thomas, Eva Elizabeth Shibu, Irene Elizabeth Shibu, Merleah Mary Issac, Johan P John, Seba Mary Sam, Aksa Anna Binu

HEARTFUL WISHES

Vol. 1, Issue : 8 September 2014

# Parish Bulletin Stephanian

St. Stephens Indian Orthodox Congregation

Kuwait




കർത്താവിൽ പ്രിയരേ

സെപ്റ്റംബർ മാസം വിശുദ്ധ സഭ മുഖ്യമായി കൊണ്ടാടുന്ന പെരുന്നാളാണ് വിശുദ്ധ സ്ലീബാ പെരുന്നാൾ (Feast of Holy Cross, Sept. 14). കുസ്തന്തിനോസ് ചക്രവർത്തിയുടെ മാതാവായ ഹേലനി രാജ്ഞിയുടെ നേതൃത്വത്തിൽ കർത്താവിനെ ക്രൂശിച്ച കുരിശ് കണ്ടെത്തിയതിന്റെ സ്മരണ നിർവ്വഹിക്കുന്ന പെരുന്നാളാണിത്. ഒരു പക്ഷെ ചില സമൂഹങ്ങൾ എങ്കിലും വി. സഭ കുരിശിന് കൊടുക്കുന്ന പ്രാധാന്യത്തെയും സഭാമക്കൾ കുരിശിനെ ആദരിക്കുന്നതിനെയും പററി വിഭിന്നങ്ങളായ അഭിപ്രായങ്ങൾ ഉന്നയിച്ചേക്കാം. എന്തിനു കുരിശു വരയ്ക്കുന്നു....? എന്തിനു കുരിശു അണിയുന്നു.....?

ആദിമ കാലത്ത് വധശിക്ഷ നടപ്പാക്കുന്നതിനുള്ള ഉപകരണമായിരുന്നു കുരിശ്. ഒരുവനെ കുരിശിലേറ്റാൻ വിധിക്കുമ്പോൾ തന്നെ അവൻ പകുതി മരിച്ചിരിക്കും; കാരണം കുരിശിലെ മരണം വളരെ സാവധാനത്തിലും, മൃഗീയവും ആയിരുന്നു, എന്നുമാത്രമല്ല അവനെ അധിക്ഷേപിക്കുകയും അപമാനിക്കുകയും ചെയ്യുമായിരുന്നു. യേശുവിന്റെ കുരിശുമരണത്തിലൂടെ ഏററവും നിന്ദ്യമായിരുന്ന കുരിശ് അഭിമാനത്തിന്റെയും, വീണ്ടെടുപ്പിന്റെയും, രക്ഷയുടെയും അടയാളമായി മാറി. അക്കാലത്ത് അനേകം പേർ കുരിശിൽ മരിച്ചിരുന്നുവെങ്കിലും ആരെയും പിന്നീട് ഓർത്തിട്ടില്ല. എന്നാൽ മനുഷ്യകുലത്തിന്റെ പാപമോചനത്തിനായി പാപം ഇല്ലാത്തവനായ ക്രിസ്തു ക്രൂശിൽ യാഗമായതുകൊണ്ട് ശാപത്തിന്റെ ചിഹ്നമായിരുന്ന കുരിശ് രക്ഷയുടെ അടയാളമായി മഹത്വീകരിക്കപ്പെട്ടു. അങ്ങനെ കുരിശ് ക്രൈസ്തവർക്ക് വീണ്ടെടുപ്പിന്റെയും, രക്ഷയുടെയും അടയാളമായി മാറി. 'ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ച് തന്റെ കുരിശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ' എന്നാണ് യേശു പറഞ്ഞത്.

കഠിന പീഡനങ്ങളുടെ മദ്ധ്യത്തിൽ പതറാതെ നിൽക്കുവാൻ ആദിമ സഭയ്ക്കു കരുത്തേകിയത് ക്രിസ്തു കുരിശിൽ കാട്ടിയ ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും ആ വലിയ അനുഭവമാണ്. ക്രൂശിന്റെ മർമ്മം നമുക്ക് വെളിപ്പെടുത്തി തരുന്ന ദിവ്യമായ സന്ദേശങ്ങൾ:-

1. കുരിശ് - പ്രതിസന്ധികളിൽ തളരാതെ നമ്മെ ധൈര്യമുള്ളവരാക്കുന്നു
2. കുരിശ് - ക്രൈസ്തവ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു.
3. കുരിശ് - ദൈവഹിതം നമ്മിൽ നിറവേറാനായി നമ്മെ ഒരുക്കുന്നു.
4. കുരിശ് - ദിവ്യസ്നേഹത്തിൽ നമ്മെ നിറയ്ക്കുന്നു.

ക്രൂശിന്റെ മർമ്മം മനുഷ്യന്റെ എല്ലാ വിധത്തിലുമുള്ള നിരാശകളെയും അകററി പ്രത്യേകയോടെ ജീവിതം നയിക്കുവാൻ പ്രാപ്തനാക്കുകയും ലോകത്തിനു വെളിച്ചം പകരുവാൻ ശക്തീകരിക്കുകയും ചെയ്യും. മനുഷ്യനുവേണ്ടി മരണം സ്വീകരിച്ച ക്രിസ്തുവിന്റെ നിത്യനിശ്ചല സാക്ഷിയായി നിൽക്കുന്ന ആ കുരിശിന്റെ ചുവട്ടിൽ ഒന്നു മുട്ടുകുത്താം.... ജീവനുള്ളതും ജീവൻ നൽകുന്നതുമായ (Living & Life giving Cross) സ്ലീബാ നമ്മെ ഓരോരുത്തരെയും ക്രിസ്തുവിൽ നട്ട്, നനച്ച്, നയിക്കട്ടെ.

മോറാനീശോ നിൻ കുരിശിൽ-തേടീടുന്നടിയാരഭയം;
സാത്താനീന്നതു സംരക്ഷി-ച്ചേറാണമേ വാനവരാജ്യേ.

പൊന്നിൻ ചിങ്ങമാസത്തിലെ പൊന്നോണം വരവായി; മലയാളികളുടെ മനസ്സിൽ മധുരസ്മരണകൾ നിറയുന്ന ഓണക്കാലം. എല്ലാവർക്കും എന്റെയും ഇടവകയുടെയും ഹൃദയം നിറഞ്ഞ ഓണാശംസകൾ.

സ്നേഹപൂർവ്വം, സജു അച്ചൻ

St. Stephens Indian Orthodox Congregation, Kuwait
Vicar : Fr.Saju Philip, Mob. - 60696128 / 24347327
Email : info@ststephensq8.org - www.ststephensq8.org

# കൂദാശകളുടെ അനുഷ്ഠാനം (....തുടർച്ച)

Fr. Dr. Johns Abraham Konattu

## വേദവായനകൾ

തുടർന്ന് അപ്പൊസ്തലപ്രവൃത്തികളിൽ നിന്നൊ, പൊതുലേഖനങ്ങളിൽ നിന്നൊ ഉള്ള വായന മദ്ബഹായുടെ പടിയിൽ വടക്കുവശത്തു നിന്നുകൊണ്ടും, പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽ നിന്നുള്ളത് തെക്കുവശത്ത് നിന്നുകൊണ്ടും വായിക്കണം. പ്രധാനശുശ്രൂഷകൻ മെഴുകുതിരിയും ധൂപക്കുററിയും പിടിച്ചുകൊണ്ട് വായനക്കാരന്റെ സമീപത്ത് നിൽക്കണം.

പട്ടക്കാരൻ ഏവൻഗേലിയോൻ പുസ്തകവും വഹിച്ചുകൊണ്ട് പടിഞ്ഞാറോട്ടുവരുന്ന ഘോഷയാത്രയിൽ പ്രധാനശുശ്രൂഷകനും സംബന്ധിക്കണം. ഇതിനായി ഏവൻഗേലിയോൻവായനയ്ക്കു മുമ്പ് പട്ടക്കാരന്റെ അടുത്തുചെന്ന് ധൂപക്കുററിയിൽ കുന്തുരുക്കം ഇടുവിക്കണം. ശുശ്രൂഷകൻ മെഴുകുതിരികളും, മർവഹ്സാകളും പിടിച്ചുകൊണ്ടാണ് ഘോഷയാത്ര നടത്തുന്നത്. സുവിശേഷഭാഗം വായിക്കുന്നതിനു മുമ്പ് പട്ടക്കാരൻ നടത്തുന്ന പ്രഖ്യാപനങ്ങളുടെ പ്രതിവാക്യം ജനം പറയുന്ന സമയത്ത് മർവഹ്സാകളും ചെറിയ മണികളും കിലുക്കണം

പ്രുമിയോൻ സെദറാകൾ വായിച്ചുകൊണ്ട് ധൂപാർപ്പണത്തിന്റെ ക്രമമാണ് തുടർന്നു നടക്കുന്നത്. ശുശ്രൂഷകൻ നാമെല്ലാവരും നന്നായിനിൽക്കണം എന്നർത്ഥമുള്ള സ്തൗമൻകാലോസ് പറയണം. പ്രുമിയോന്റെ അവസാനം കുന്തുരക്കം ഇടുവിച്ച് ധൂപാർപ്പണം നടത്തണം.

## ധൂപക്കുററി വാഴ്ത്തൽ

സെദറായുടെ അവസാനം ധൂപക്കുററി വാഴ്ത്തുന്നതിനായി കുന്തുരക്കം ഇടുവിച്ച് മേൽത്തട്ട് അൽപ്പം ഇയർത്തി വലതുകൈയുടെ മൂന്നു വിരലുകൾകൊണ്ട് ഉയർത്തിപ്പിടിക്കണം ഇടതുകൈ നെഞ്ചോട് ചേർത്തുപിടിക്കണം. പട്ടക്കാരൻ തെക്കോട്ടും ശുശ്രൂഷകൻ വടക്കോട്ടും തിരിഞ്ഞുനിൽക്കുന്നു. ധൂപക്കുററി ത്രോണോസിന്റെ മുമ്പിൽ മദ്ധ്യഭാഗത്ത് വരുംവിധം പട്ടക്കാരന്റെയും, ശുശ്രൂഷകന്റെയും നിൽപ്പ് ക്രമീകരിക്കുന്നത് നല്ലതാണ്. അതു വാഴ്ത്തിക്കഴിയുമ്പോൾ ധൂപക്കുററി പട്ടക്കാരൻ വാങ്ങി ധൂപാർപ്പണം നടത്തുന്നു. പട്ടക്കാരൻ ധൂപാർപ്പണം നടത്തിയ ശേഷം ധൂപക്കുററി ശുശ്രൂഷകനെ ഏൽപ്പിക്കുകയും അയാൾ മദ്ബഹാ മുതൽ ധൂപാർപ്പണം തുടരുകയും ചെയ്യണം. പട്ടക്കാരൻ മദ്ബഹയിൽ ധൂപം വച്ചതിനാൽ ശുശ്രൂഷകൻ മദ്ബഹ ഒഴിച്ച് താഴേക്കു മാത്രം ധൂപം അർപ്പിക്കുന്ന പതിവും ചില സ്ഥലങ്ങളിൽ നിലവിലുണ്ട്. ധൂപക്കുററി വാഴ്ത്തുമ്പോൾ നാമുംകൂടി ശുദ്ധീകരണം പ്രാപിക്കുകയാണ്. പരിശുദ്ധാത്മാവാകുന്ന അഗ്നി, കരി പോലുള്ള നമ്മുടെ പാപമയമായ ഹൃദയത്തെ ജ്വലിപ്പിക്കുന്നതിനുള്ള അപേക്ഷയായി ഇവിടെ ധ്യാനിക്കേണ്ടതാണ്.

പട്ടക്കാരന് കൈകൾ കഴുകുവാൻ വെള്ളവും, തുടയ്ക്കുവാനുള്ള തൂവാലയും ശുശ്രൂഷകൻ നൽകണം. പട്ടക്കാരൻ രഹസ്യപ്രാർത്ഥനയ്ക്കായി മുട്ടുകുത്തുമ്പോൾ കുർബാന തക്സായും ഓർക്കുവാനുള്ള പേരുകളും എടുത്തുകൊടുക്കേണ്ടതാണ്. പട്ടക്കാരൻ രഹസ്യപ്രാർത്ഥന കഴിഞ്ഞ് എഴുന്നേൽക്കുമ്പോഴേക്കും പ്രധാനശുശ്രൂഷകൻ ധൂപാർപ്പണം പൂർത്തീകരിച്ച് മദ്ബഹാ വാതിൽക്കൽ നിന്ന് സ്തൗമെൻകാലോസ് പറഞ്ഞശേഷം ധൂപക്കുററി മടക്കിപ്പിടിച്ച് ത്രോണോസിന്റെ തെക്കുവശത്തായി സമാധാനം സ്വീകരിക്കുവാൻ തയ്യാറായി നിൽക്കണം.

## വിശ്വാസികളുടെ ക്രമം.

കുർബാനയിലെ പരസ്യ ശുശ്രൂഷയുടെ രണ്ടാം ഭാഗമാണിത്. സ്ഥാപനവചനവും, റൂഹാക്ഷണവും ഉൾപ്പെട്ട ഈ പ്രധാനഭാഗത്തെ വീണ്ടും അഞ്ച് അദ്ധ്യായങ്ങളായി തിരിക്കാം വിശ്വാസപ്രമാണവും രഹസ്യപ്രാർത്ഥനയും ഈ കൂട്ടത്തിൽ വരേണ്ടതാണ്. എന്നാൽ അത് എല്ലാ ക്രമത്തിനും ഒന്നുതന്നെ ആയതുകൊണ്ടാവണം വേറിട്ടു നിൽക്കുന്നത്.

## സമാധാനം നൽകുന്ന വിധം

പട്ടക്കാരൻ ആദ്യം ശോശാപ്പായുടെ തെക്കെ കോണിൽ മുത്തിയ ശേഷം അത് ഉയർത്തിപ്പിടിക്കുമ്പോൾ ശുശ്രൂഷകൻ അവിടെ മുത്തേണ്ടതാണ്. തുടർന്ന് പട്ടക്കാരൻ ധൂപക്കുററിയുടെ ചങ്ങലകളുടെ മദ്ധ്യഭാഗത്ത് പിടിച്ച് അതു മുത്തിയ ശേഷം ശുശ്രൂഷകനെ മുത്തിച്ച് നെററിയിൽ കുരിശിട്ടു നൽകുന്നു. ശുശ്രൂഷകൻ വീണ്ടും ത്രോണോസിന്റെ ഇരുവശങ്ങളിലും മുത്തിയ ശേഷം മദ്ബഹായിൽ ഉള്ളവർക്കും ജനത്തിനും സമാധാനം നൽകുന്നു. തല കുനിക്കുവാനുള്ള ആഹ്വാനം നൽകുമ്പോളെല്ലാം എല്ലാ ശുശ്രൂഷകരും തല കുനിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. ശുശ്രൂഷകരെ കണ്ട് ജനം പഠിക്കുവാൻ തക്കവണ്ണം മാതൃകയായി പ്രവർത്തിക്കണം.

തുടർന്ന് പ്രധാനശുശ്രൂഷകൻ മദ്ബഹായിൽ വടക്കുവശം ചേർന്ന് ധൂപക്കുററി വീശികൊണ്ട് നിൽക്കുന്നു. വി. കുർബാനയുടെ ഏററവും പ്രധാനപ്പെട്ട ഭാഗമാണ് ഇനി നടക്കുന്നത്. അതിനാൽ ധൂപക്കുററി അലക്ഷ്യമായി പിടിച്ചുകൊണ്ടു നില്ക്കരുത്.

## ശോശാപ്പാ ആഘോഷവും കൈ ആവസിപ്പിക്കലും

ഈ സമയത്ത് മർവഹ്സാകളും കൈമണികളും കിലുക്കണം. തുടർന്ന് പട്ടക്കാരൻ ജനത്തിനു നേരേ റുശ്മാ ചെയ്യുമ്പോൾ പ്രധാന ശുശ്രൂഷകൻ തെക്കോട്ടു തിരിഞ്ഞു നിൽക്കണം. ഇവിടം മുതൽ ഉച്ചത്തിലുള്ള പ്രാർത്ഥനകൾക്ക് പട്ടക്കാരൻ കൈകൾ സ്വർഗ്ഗത്തിലേക്ക് ഉയർത്തണം. നമ്മുടെ ഹൃദയങ്ങൾ സ്വർഗ്ഗത്തിൽ ദൈവത്തോടുകൂടെ ആയിരിക്കുന്ന പ്രതീതി ഉളവാകണം. സ്വർഗ്ഗത്തിലെ മാലാഖമാരോടൊപ്പം നാമും നിന്നുകൊണ്ടാണ് ആരാധനയണയ്ക്കുന്നത്. പട്ടക്കാരൻ വി. രഹസ്യങ്ങളിന്മേൽ കൈ ആവസിപ്പിക്കുമ്പോൾ മർവഹ്സാകളും കൈമണികളും കിലുക്കണം.

തുടരും....

# ക്ഷണഭംഗുരമായ വിവാഹബന്ധങ്ങൾ (....തുടർച്ച)

ഫാ. പി. എ. ഫിലിപ്പ്

## 5. മാതാപിതാക്കളുടെ പരിധിയിൽ കൂടുതലുള്ള ഇടപെടൽ.

വി. മത്തായി 19:5 ൽ നമ്മുടെ കർത്താവ് വ്യക്തമായി പഠിപ്പിക്കുന്നു. 'അതു നിമിത്തം മനുഷ്യൻ അപ്പനേയും അമ്മയേയും വിട്ട് ഭാര്യയോട് പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായിത്തീരും'. വിവാഹകൂദാശയിലൂടെ ഒന്നായിത്തീരുന്ന ഭാര്യാഭർത്താക്കൻമാർക്ക് ഒരു 'വിട്ടുപിരിയൽ' ആവശ്യമാണ്. അതുവരെ വളർത്തി വലുതാക്കിയ മാതാപിതാക്കളെ കൈവെടിയണമെന്നോ ഉപേക്ഷിക്കണമെന്നോ അതിനർത്ഥമില്ല. ഭാര്യയ്ക്ക് ഭർത്താവും, ഭർത്താവിന് ഭാര്യയുമായിരിക്കണം ഒന്നാം സ്ഥാനത്ത്. മുൻഗണനാ ക്രമത്തിൽ ഈ ബന്ധത്തിനുശേഷം മാത്രമേ മാതാപിതാക്കളും വരുന്നുള്ളൂ. ആയതിനാൽ ഭാര്യാഭർത്തൃബന്ധത്തെ ശിഥിലമാക്കുന്നതരത്തിൽ വരന്റേയോ, വധുവിന്റേയോ മാതാപിതാക്കളോ വീട്ടുകാരോ ഒരു കാരണവശാലും ഇടപെടരുത്. മുമ്പ് സൂചിപ്പിച്ചതു പോലെ സുഖസമൃദ്ധിയിൽ ജീവിക്കുന്ന ഇന്നത്തെ തലമുറയ്ക്ക് ചെറിയ പ്രശ്നങ്ങൾ പോലും നേരിടുവാനുള്ള കരുത്തില്ല. താരതമ്യേന അറിവ് കൂടുതലുണ്ടെങ്കിലും പലർക്കും സാമാന്യബുദ്ധി (Common sense) കുറവാണ്. ഒരു വ്യത്യസ്ത സാഹചര്യങ്ങളിൽ വളർന്ന ആൺകുട്ടിയും പെൺകുട്ടിയും ഒന്നിച്ചു ജീവിക്കുവാൻ തുടങ്ങുമ്പോൾ സ്വഭാവികമായും ചില്ലറ പ്രശ്നങ്ങളും പൊരുത്തക്കേടുകളും ഉണ്ടായെന്നിരിക്കും. അത് അവർ തന്നെ കൈകാര്യം ചെയ്യുവാനും പരിഹരിക്കുവാനും അവരെ സഹായിക്കുകയാണ് ഇരു കുടുംബങ്ങളും ചെയ്യേണ്ടത്. കൊച്ചു കൊച്ചു പ്രശ്നങ്ങളെ ഊതിപ്പെരുപ്പിക്കുകയും വഷളാക്കുകയും ചെയ്യുന്ന മാതാപിതാക്കളുണ്ട്. അവർ കുട്ടികളെ സഹായിക്കുകയല്ല; അവരുടെ ഭാവി ജീവിതം തകർക്കുകയാണ് ചെയ്യുന്നത്. നമ്മുടെ സംസ്ക്കാരത്തിൽ പെൺകുട്ടികളെ കെട്ടിച്ചയക്കു കയാണ് ചെയ്യുന്നത്. ഭർത്താവിന്റെ കുടുംബത്തിലാണ് അവൾ ജീവിക്കുന്നത്. ആ കുടുംബത്തിന്റെ ഭാഗമായിട്ടാണ് പിന്നീട് അറിയപ്പെടുന്നതും. വിവാഹിതയാകുന്ന ഓരോ പെൺകുട്ടിയും അങ്ങനെയായിത്തീരാനുള്ള തയ്യാറെടുപ്പ് നടത്തണം. അതല്ലാതെ ഭർത്താവിന്റെ വീട്ടിലെ കുറവുകളും കുറ്റങ്ങളും എല്ലാം ഓരോദിവസവും അമ്മയേയും അപ്പനേയും അറിയിക്കുകയും അവരെ പ്രകോപിപ്പിക്കുകയും ചെയ്യുന്ന രീതി ആശാസ്യമല്ല. ഇന്ന് മൊബൈൽഫോൺ സൗകര്യമുള്ളതുകൊണ്ട് അപ്പഴപ്പോൾ വിവരങ്ങൾ കൈമാറുവാനുള്ള സാഹചര്യമുണ്ട്. ചില അടിയന്തിരസാഹചര്യങ്ങളിൽ മൊബൈൽ വളരെ പ്രയോജനപ്രദമാണെങ്കിലും, വിവേകരഹിതമായി അത് ഉപയോഗിക്കുന്നത് കുടുംബത്തിന്റെ താളം തെറ്റിയ്ക്കും. ഒരു പെൺകുട്ടി ഭാര്യയായിത്തീരുമ്പോൾ ആ ഭർത്താവിന്റെ കുടുംബത്തിന്റെ ഭാഗമായതിനാൽ അതിന്റെ വളർച്ചയ്ക്കും നന്മയ്ക്കുമായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയുമാണ് വേണ്ടത്. മറിച്ച് ഓമനിച്ച്, താലോലിച്ച് രാജ്ഞിയെപ്പോലെ അമ്മയപ്പൻമാർ വളർത്തിയ ഒരു പെൺകുട്ടി തന്റെ ഭാര്യയായി തന്റെ കുടുംബത്തിലേക്ക് വരുമ്പോൾ അവൾക്ക് ആവശ്യമായ സ്നേഹവും, താങ്ങും, തണലും നൽകുവാൻ ഭർത്താവും അയാളുടെ കുടുംബവും ശ്രദ്ധിക്കേതുണ്ട്. തൊട്ടതിനും പിടിച്ചതിനുമെല്ലാം ഭാര്യയെയും അവളുടെ കുടുംബത്തേയും പഴിപറയുകയും ഇകഴ്ത്തുകയും ചെയ്യുന്ന ഭർത്താവ് സ്വന്തം കുടുംബത്തിന്റെ സമാധാനമാണ് തകർക്കുന്നത്. വിവാഹശേഷം ഉണ്ടാവുന്ന ചെറുതോ വലുതോ ആയ പ്രശ്നങ്ങൾ മാതാപിതാക്കൾ ഏറ്റെടുത്ത് വഷളാക്കുന്നതിനു പകരം, സഭയ്ക്കുള്ളിൽ അത് കൈകാര്യം ചെയ്യത്തക്കവിധം ഒരു സംവിധാനമുണ്ടാകേതുണ്ട്. നവദമ്പതികൾക്ക് ഉണ്ടാവുന്ന ഇത്തരം പ്രശ്നങ്ങൾ യഥാസമയം ഉത്തരവാദിത്തപ്പെട്ട വൈദഗ്ദ്ധ്യമുള്ള ഒരു സമിതി കേൾക്കുകയാണെങ്കിൽ ഒരു നല്ല ശതമാനം ദാമ്പത്യങ്ങളേയും രക്ഷപെടുത്താനാവുമെന്ന് തോന്നുന്നു.

## 6. ലഹരി ഉപയോഗവും, രതിവൈകൃതങ്ങളും

സുഗതകുമാരിയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് നടക്കുന്ന 'അഭയ' എന്ന കേന്ദ്രം സന്ദർശിച്ചാൽ ദാമ്പത്യബന്ധത്തിൽ ലഹരി വരുത്തിവയ്ക്കുന്ന വിനയെക്കുറിച്ച് ബോധ്യമാവും. ആൽക്കക്കോൾ, പുകയില ഉല്പന്നങ്ങൾ, മയക്കുമരുന്ന് ഇവയുടെ ഉപയോഗം മൂലം അനേക ദാമ്പത്യബന്ധങ്ങൾ ഉടഞ്ഞുപോയിട്ടുണ്ട്. ലഹരിയ്ക്ക് അടിപ്പെടുന്നത് ഏറിയപങ്കും പുരുഷന്മാരാണെങ്കിലും സ്ത്രീകളും കുറവല്ല. ലഹരിയ്ക്ക് അടിമകളാവുന്നതോടെ സുബോധം നഷ്ടപ്പെട്ട് ഇണയെ ശാരീരികമായും മാനസികമായും പീഡിപ്പിക്കുന്നവർ ഉണ്ട്. ഇനി ഒരു കൂട്ടർ ലഹരിവസ്തുകൾ ഉപയോഗിക്കാതെ തന്നെ ചിലതരം ആസക്തികൾക്ക് അടിമപ്പെടുന്നവരാണ്. ഇന്റർനെറ്റിൽ അശ്ലീല ചിത്രങ്ങൾ കാണുക, അതിൽ കാണുന്ന പ്രകൃതിവിരുദ്ധ ലൈംഗിക വൈകൃതങ്ങൾ ജീവിതപങ്കാളിയിൽ അടിച്ചേൽപ്പിക്കുക തുടങ്ങിയ അസ്വാഭാവികമായ വൈചിത്ര്യങ്ങളും ഒരളവുവരെ ദാമ്പത്യബന്ധത്തെ തകർക്കാറുണ്ട്. ഭാര്യമാരെ പീഡിപ്പിക്കുന്ന ഭർത്താക്കൻമാരും, ഭർത്താക്കൻമാരെ പീഡിപ്പിക്കുന്ന ഭാര്യമാരും ഇന്നിന്റെ കാഴ്ചകളാണ്.

## 7. ക്രിസ്തു കേന്ദ്രീകൃതമായ ജീവിതശൈലിയുടെ അഭാവം

കുടുംബമെന്നാൽ ദൈവരാജ്യത്തിന്റെ ഒരു സൂക്ഷ്മ രൂപമാണ്. സമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റ് എന്നൊക്കെ സാമൂഹ്യശാസ്ത്രജ്ഞൻ വാദിച്ചാലും ക്രിസ്തീയ കാഴ്ചപ്പാടിൽ കുടുംബം ദൈവരാജ്യത്തിന്റെ ചെറുപതിപ്പാണ്. അവിടെ സംജാതമാകേണ്ടത് ദൈവഭരണവും നടക്കേണ്ടത് ദൈവഇഷ്ടവുമാണ്. സഭാ പ്രസംഗി 4:12 പറയുന്നതുപോലെ 'മുപ്പിരിച്ചരട് വേഗത്തിൽ അറ്റുപോകയില്ല' ദൈവത്തെ കൂടാതെ രണ്ടാളുകൾ എത്ര അദ്ധ്വാനിച്ചാലും ആ ബന്ധം സുദൃഢമാകയില്ല. ഭാര്യാ ഭർത്തൃ ബന്ധത്തെ ഉറപ്പിക്കുന്ന – ദൃഢീകരിക്കുന്ന സിമന്റാണ് ക്രിസ്തുസാന്നിദ്ധ്യം. വിവാഹകൂദാശ മുതൽ തന്നെ ക്രിസ്തുവിനെ നഷ്ടപ്പെടുന്ന രീതിയാണ് കണ്ടുവരുന്നത്. ദൈവഭരണത്തെ അവമതിയ്ക്കുന്ന ധനാധിപത്യം, ആഡംബരപ്രിയം അനുകരണഭ്രമം ഇതല്ലൊം ദാമ്പത്യബന്ധത്തെ ശിഥിലീകരിക്കുന്നതാണ്. പരിശുദ്ധ ത്രിത്വത്തിൽ നാം ദർശിക്കുന്ന 'സ്നേഹകൂട്ടായ്മ' യാണ് കുടുംബത്തിലും ഉണ്ടാവേണ്ടത്. ദാമ്പത്യ ബന്ധത്തിന്റെ അന്തിമ ലക്ഷ്യം ഈ കാണുന്ന ലോകത്തിൽ സുഖിച്ചു പുളച്ചു ജീവിക്കുക എന്നതല്ല. പ്രത്യുത, സ്നേഹത്തിന്റെ പങ്കുവയ്ക്കലിലൂടെ 'ദൈവാനുരൂപികളായി' ത്തീരുക എന്നുള്ളതാണ്. ക്രിസ്തുവിനെ കൂട്ടു ചേർക്കാത്ത ദാമ്പത്യം അനുഗ്രഹീതമാണെന്ന് പറയുക വയ്യ.

# FAMILY - THE BIBILICAL PERSPECTIVE

Fr. Dr. T.J. Joshua

For a Christian, the Bible is his guide in all areas of life. He makes it the foundation of his faith and his moral inspiration. Therefore when we set to study about the Christian family, Bible is the first source we are to search for. The Bible begins and ends with weddings (Gen. 2:22-25; Rev. 19:7-9).

## I. The teaching in the book of Genesis:

In the first two chapters of the book of Genesis we get two descriptions about the creation of man. On a careful reading we find that there are slight differences in the details of the two accounts. Form – critical study of the text has led the scholars to conclude that the two accounts area derived from two traditions and the editor of the book of Genesis has put them as they were received. The description of the second chapter is from a more primitive document than that of the first chapter. The scholars identify the two documents as "J" (Jehovah document) and "P" (Priestly document) signifying their content and give a date as 10th century B.C. for "J" and sixth century "P". So chronologically the second account is earlier than the first. But we shall first take up the first chapter for our consideration. Read carefully the relevant verses: Gen. 1:26-31. "And God said, let us make man in our image after our likeness". God thus created man in his image and likeness. He created them male and female. Also we note that man was created as the crown of creation. On analyzing the passage we may arrive at the following insights:

1. The statement that God created them as male and female suggests that He intended them to live in mutuality as husband and wife. He created them in his own image so that they would dedicate themselves in mutual love. There is no suggestion in this account that the woman was created in an after – thought.
2. In the statement that God created the human in his own image suggests that in God consists masculine and feminine character. Both man and woman have the claim to "God's image".
3. The principle of monogamy is implied in the statement. Any other form of marriage is an aberration from God's original intention.

Read Gen. 2:7-24. This description is long and more ancient than the first one. In analyzing the account the following points emerge.

1.The description suggests that there was something lacking after the creation of the male. As if God has realized that, "it is not good that man should be alone", He gave him a "help-meet". This world "Yeser" (Hebrew) has been used in relation to God. "He is our "Yeser" (help) and our shield. Ps. 33:20. Woman is man's associate, the one who shares his duties. Without woman man is helpless and imperfect.
2."Woman from the rib of man. "The Lord God took a rib from the man made the woman out of it and presented her to him. The description points to the integral and inseparable relation between man and woman. Their unity and oneness are emphasized here.
Mathew Henry who is an outstanding Bible interpreter has made a suggestive comment on this. He says that woman was not created with a bone from man's legs, for, he should not be trampled under his feet; not out of a bone from his head, for, she should not "mount on his head" and rule him. She was made from a rib means that she was to be very close to his heart and to be on his side all the time. Except that of gender, there is no difference between man and woman. They are called for mutual dependence and cooperation.
3."They shall be one flesh": (Gen. 2:24). The relationship between man and woman is very intense. It is greater and stronger than that with one's parents. They are not two separate bodies, but one flesh.
Our Lord (Mtt. 19:6) and St. Paul (Eph. 5:31) quote this verse and prove the importance of union between man and woman. It is not the physical union alone that is suggested here. It suggests a total identification of their mind and spirit. The physical union is the culmination of the mental and spiritual union between the couple. Such a union is possible between husband and wife alone.
4.The statement that woman was made from man must have led to the development of male domination. In the later history of the Jewish people the view of the second account has prevailed with male dominance.
The two descriptions in the book of Genesis, which we have looked into, make it clear that marriage was established by God and that husband and wife must live as mutual complements. Of all human relationships the strongest and the most intimate is that between husband and wife. It is inseparable and God has so ordained that man should not separate what God has united. Marriage should be looked upon with all seriousness and sanctity. In the letter to the Hebrews we read "Marriage is honourable among all, and the bed undefiled" (Heb. 13:4).

Cont...